## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6458 01.11.2011 -ൽ മറുപടിക്ക്

### ഡിസീസ് സർവെയിലൻസ് പ്രോഗ്രാം

| ചോദ്യം<br>ഡോ.ടി.എം.തോമസ് ഐസക്:<br>ശ്രീമതി.പി.അയിഷാ പോറ്റി:<br>ശ്രീ.കെ.രാധാകൃഷ്ണൻ:<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | പകർച്ചവ്യാധികളെ നേരിടുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി ആവിഷ്ക്കരിക്കപ്പെട്ട ഡിസീസ് സർവെയിലൻസ് പ്രോഗ്രാമിന് കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചിട്ടുണ്ട്; | (എ) | 2011-12 സാമ്പത്തിക വർഷം ആകെ 1,62,46,000/- രൂപക്ക് ( ഒരു കോടി അറുപത്തി രണ്ട് ലക്ഷത്തി നാല്പത്തി യാറായിരം) കേന്ദ്ര ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | അതിന്റെ സംസ്ഥാന വിഹിതം എത്രയാണ്; | (ബി) | ഈ പ്രോജക്ടിന്റെ ഭാഗമായി പ്രത്യേക സംസ്ഥാന വിഹിതം നിഷ്കർഷിക്കുന്നില്ല. എന്നാൽ സംസ്ഥാന ബഡ്ജറ്റിന്റെ ഭാഗമായി പകർച്ചവ്യാധി നിയന്ത്രണ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഫണ്ട് ലഭ്യമാക്കി വരുന്നുണ്ട്. |
| (സി) | പകർച്ചവ്യാധികൾ വ്യാപകമായ സാഹചര്യത്തിൽ എത്ര തുക, ഏതെല്ലാം ഘടകങ്ങൾക്കായി വിനിയോഗിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ; | (സി) | ടി തുക ജീവനക്കാരുടെ ശമ്പളം, ലാബുകളുടെ നവീകരണം, ഡോക്ടർമാരുടേയും ജീവനക്കാരുടേയും ട്രെയിനിംഗ്, ലാബ് കിറ്റുകൾ, ആഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കാണ് അനുവദിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഫീൽഡ്തല പ്രവർത്തനങ്ങൾക്കായി എന്തെല്ലാം തീരുമാനം എടുക്കുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ ? | (ഡി) | റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ രോഗം പൊട്ടിപ്പുറപ്പെടുന്ന ലക്ഷണം കണ്ടാൽ പ്രത്യേക ടീമിനെകൊണ്ട് ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ നടത്തി വേണ്ട പ്രതിവിധികൾ ചെയ്തുവരുന്നു. വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റിയുടെ പ്രവർത്തനം രോഗങ്ങളുടെ വിവരശേഖരണത്തിനും രോഗ നിയന്ത്രണത്തിനും വേണ്ടി ഊർജ്ജിതപ്പെടുത്തി അതോടൊപ്പം ഫീൽഡ് സ്റ്റാഫിന് ആവശ്യമായ ട്രെയിനിംഗ് നൽകി വരുന്നു. പ്രതിവാര രോഗ വിവര കണക്കുകൾ എല്ലാ ആഴ്ചയിലും അവലോകനം ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ